(ബി) കുറ്റകൃത്യങ്ങളുടെ കണക്ക്, ഭൂമിശാസ്ത്രപരമായ കിടപ്പ്, ക്രമസമാധാനപ്രശ്നങ്ങൾ, ജനസംഖ്യ, വ്യവസായ സംരംഭങ്ങളും അടുത്തുള്ള പോലീസ് സ്റ്റേഷനുമായിട്ടുള്ള അകലം എന്നിവയും സാമ്പത്തിക പരിമിതികളും കണക്കിലെടുത്താണ് പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നത്.

കണ്ണമാലി പോലീസ് സ്റ്റേഷൻ

749 [883] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണമാലി പോലീസ് സ്റ്റേഷന് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കാൻ ആലോചനയുണ്ടോ;

(ബി) ഇപ്പോൾ സ്റ്റേഷൻ പ്രവർത്തിക്കുന്ന കെട്ടിടം തീരെ സൗകര്യമുള്ളതല്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കണ്ണമാലി പോലീസ് സ്റ്റേഷന് ഒരു പുതിയ കെട്ടിടം പണിയാൻ അടിയന്തിരമായി നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ, ബി) ഉണ്ട്.

(സി) 1986-87 സാമ്പത്തിക വർഷത്തിൽ തന്നെ പണി ആരംഭിക്കുന്നതാണ്.

ചോറ്റാനിക്കര പഞ്ചായത്തിൽ പോലീസ് സ്റ്റേഷൻ

750 [884] ശ്രീ. ബെന്നി ബഹനാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചോറ്റാനിക്കര പഞ്ചായത്തിൽ ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ വർഷം ആരംഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഉണ്ട്. ചോറ്റാനിക്കര മുളന്തുരുത്തി പോലീസ് സ്റ്റേഷനിൽനിന്നും ഹിൽപാലസ് പോലീസ് സ്റ്റേഷനിൽനിന്നും അധികം ദൂരെയല്ല. ചോറ്റാനിക്കരയിൽ ക്രമസമാധാനത്തിന്റെ കാര്യത്തിൽ വലിയ പ്രശ്നങ്ങളൊന്നുമില്ലാത്തതിനാൽ അവിടെ ഒരു പോലീസ് സ്റ്റേഷന്റെ ആവശ്യം ഇപ്പോൾ ഇല്ല.

തളിപ്പറമ്പിൽ ഡി. വൈ. എസ്. പി. ആഫീസ്

751 [885] ശ്രീ. സി. പി. മൂസ്സാൻകുട്ടി: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തളിപ്പറമ്പിൽ ഡി. വൈ. എസ്. പി. ആഫീസ് ഉടൻതന്നെ തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly